# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2361 18.12..2012 ലെ മറുപടിയ്ക്ക്

## കേരള സംസ്ഥാന ലോട്ടറിയുടെ പ്രവർത്തനം

ചോദ്യം

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ലാഭകരമായി പ്രവർത്തിക്കുന്ന കേരള സംസ്ഥാന ലോട്ടറിയെ തകർക്കാൻ അന്യസംസ്ഥാന ലോട്ടറി മാഫിയ സംസ്ഥാനത്ത് സജീവമാകുന്നു എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഒറ്റ നമ്പർ ലോട്ടറി,ഫോൺ മുഖേന നമ്പർ നൽകുന്ന ലോട്ടറി പേപ്പറിൽ കുറിച്ച് നൽകുന്ന ലോട്ടറി എന്നിങ്ങനെ നിയമവിരുദ്ധ ലോട്ടറികളിലൂടെയുള്ള വ്യാജ ലോട്ടറി മാഫിയ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഓൺലൈൻ ലോട്ടറി സംസ്ഥാനതലത്തിൽ രഹസ്യമായി വിൽപ്പന നടത്തിയും, കേരള ലോട്ടറി അന്യസംസ്ഥാനങ്ങളിലേയ്ക്ക് അനധികൃതമായി കടത്തിയും ലോട്ടറി മാഫിയ സംസ്ഥാനത്ത് സജീവമാകുന്നത് തടയാൻ ഫലപ്രദമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; | (ബി) | വ്യാജ ലോട്ടറികൾക്കെതിരെ പോലീസ് വാണിജ്യ നികുതി വകുപ്പ്, ലോട്ടറി വകുപ്പ് എന്നീ ഉദ്യോഗസ്ഥർ വകുപ്പ് തലത്തിലും കൂട്ടായ നടപടികളിലൂടെയും അന്വേഷണങ്ങളും പരിശോധനകളും നടത്തുകയും ലഭിക്കുന്ന പരാതികളിന്മേൽ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. നിയമ വിരുദ്ധ ലോട്ടറി സംബന്ധിച്ച കേസ്സുകൾ പരാതികൾ എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നതിനും അന്വേഷണ പുരോഗതി വിലയിരുത്തുന്നതിനും GO(Rt) No. 26/12/TD Dated 07.01.2012 സർക്കാർ ഉത്തരവ് പ്രകാരം ഇന്റലിജൻസ് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിനെ |

| | | | |
|---|---|---|---|
| | | | മേധാവിയാക്കി നിയമിച്ചുകൊണ്ട് സംസ്ഥാന മോണിറ്ററിംഗ് സെല്ലും, അതാത് ജില്ലാ കളക്ടർമാരെ മേധാവിയാക്കി നിയമിച്ചുകൊണ്ട് ജില്ലാതല മോണിറ്ററിംഗ് സെല്ലുകളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ കൃത്യമായി യോഗം ചേർന്ന് കേസ്സുകൾ, പരാതികൾ എന്നിവയിന്മേലുള്ള നിയമ നടപടികൾ അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകികൊണ്ട് തുടർനടപടികൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | ഓൺലൈൻ ലോട്ടറി ഫോൺ വഴിയും നമ്പറുകൾ നൽകിയും വ്യാപക വിൽപ്പന നടത്തിയതിന് മലബാർ മേഖലയിൽ മാത്രം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം നൽകുമോ ? | (സി) | മലബാർ മേഖലയിൽ 37 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. കാസർകോഡ് -19, കണ്ണൂർ -8, കോഴിക്കോണ് -6 മലപ്പുറം - 4 |

സെക്ഷൻ ഓഫീസർ.